**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5254** **21-03-2025 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് അധ്യാപകരുടെ ശമ്പള ഓപ്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം 2016-നു മുൻപ് നിയമിക്കപ്പെട്ട സംസ്ഥാനത്തെ പോളിടെക്നിക് അധ്യാപകർക്ക് നിലവിൽ ആറ്/ഏഴ് കേന്ദ്ര ശമ്പള കമ്മീഷൻ പേ സ്കെയിലുകളിലേക്ക് ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 2016 ന് മുൻപ് നിയമിതരായ AICTE യോഗ്യതയുള്ള അധ്യാപകർ 6-ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലാണ്. 01.01.2016 ന് ശേഷം യോഗ്യരായ എല്ലാ അധ്യാപകരും 7ാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമാണ്. |
| (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പോളിടെക്നിക്കിലെ അധ്യാപകർക്കും എൻജിനീയറിങ് കോളേജിലെ അധ്യാപകർക്കും സർവീസ്, ശമ്പളം എന്നിവ സംബന്ധിച്ച് ബാധകമായ ചട്ടങ്ങൾ ഏതെന്ന് വിശദമാക്കാമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പോളിടെക്നിക്കിലെ അധ്യാപകർക്കും എൻജിനീയറിങ് കോളേജിലെ അധ്യാപകർക്കും അവരുടെ ജീവനക്കാര്യം സംബന്ധിച്ച് കേരള സർവീസ് റൂൾസ് ആണ് ബാധകം. ശമ്പളം, നിയമനം, സ്ഥാനക്കയറ്റം എന്നിവ AICTE മാനദണ്ഡങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിലുള്ളത്. |
| (സി) | ഇവർക്ക് വ്യത്യസ്തമായ ചട്ടങ്ങളാണോ നിലവിലുള്ളതെന്നും ആറ്/ഏഴ് കേന്ദ്ര ശമ്പളകമ്മീഷൻ പ്രഖ്യാപിച്ച സ്കെയിലുകളിലേക്ക് ഓപ്ഷൻ നൽകുന്നതിന് നിലവിൽ എൻജിനീയറിങ് കോളേജിലെ അധ്യാപകർക്ക് വ്യവസ്ഥ ഉണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | എഞ്ചിനിയറിംഗ് കോളേജിലെ അദ്ധ്യാപകർക്കും, പോളിടെക്നിക് കോളേജിലെ അദ്ധ്യാപകർക്കും എ.ഐ.സി.ടി.ഇ.യുടെ വ്യത്യസ്തമായ ചട്ടങ്ങൾ നിലവിലുണ്ട്. എല്ലാ എഞ്ചിനീയറിംഗ് ബിരുദ ഫാക്കൽറ്റികളും 01.01.2016 മുതൽ ഏഴാം കേന്ദ്ര ശമ്പളകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള സ്കെയിലുകളിലാണ്. |
| (ഡി) | പോളിടെക്നിക്കിൽ സേവനമനുഷ്ഠിച്ചുവരുന്ന ഏതെല്ലാം അധ്യാപകരെയാണ് നിലവിൽ ആറാമത് കേന്ദ്ര ശമ്പളകമ്മീഷൻ സ്കെയിലുകൾ ഓപ്റ്റ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കിയതെന്നും ഒഴിവാക്കിയതിന്റെ കാരണവും ചട്ടവും നിയമങ്ങളും ഏതെന്നും അറിയിക്കാമോ; | (ഡി) | 7th CPC ആനുകൂല്യങ്ങൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലെ അധ്യാപകർക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാരിന്റെ 16.02.2021 ലെ സ.ഉ(കൈ) നം.97/2021/ഉവിവ ഉത്തരവ്, ഖണ്ഡിക 2.7(i)പ്രകാരം, 01.01.2016-ന് ശേഷം സർവീസിൽ പ്രവേശിച്ചവർ 7th CPC- യുടെ പരിധിയിലായതിനാൽ ടി ജീവനക്കാരെ 6th CPC പ്രകാരം പരിഗണിക്കുവാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (ഇ) | കേന്ദ്ര ചട്ടത്തിലെ വ്യവസ്ഥ പ്രകാരം എൻജിനീയറിങ് കോളേജിലെയും പോളിടെക്നിക്കിലെയും അധ്യാപകർക്ക് ഒരേ മാനദണ്ഡമായിരിക്കെ ഇക്കാര്യത്തിൽ മാത്രം വ്യത്യസ്തമായ ഉത്തരവ് പുറപ്പെട്ടുവിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | 01.03.2019 തീയതിയിലെ No. 61-1/RIFD/7th CPC/2016-17 AICTE REGULATIONS പ്രകാരം എൻജിനീയറിങ് കോളേജിലെയും പോളിടെക്നിക്കിലെയും അധ്യാപകർക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ ആണ് നിലവിലുള്ളത്. |
| (എഫ്) | ഇക്കാര്യത്തിൽ പുന:ക്രമീകരണം നടത്തി 2016 ന് മുമ്പ് നിയമിതരായ പോളിടെക്നിക്ക് അധ്യാപകർക്ക് ആറാം ശമ്പള കമ്മിഷൻ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എഫ്) | 2016 ന് മുൻപ് നിയമിതരായ AICTE യോഗ്യതയുള്ള അധ്യാപകർ 6-ാം കേന്ദ്ര ശമ്പള പരിഷ്കരണത്തിലാണ്. |

സെക്ഷൻ ഓഫീസർ